# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്മണ്ട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P3/2254/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്മണ്ട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3/2254/22 തീയ്യതി: 27/01/2023

## കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 10-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ് .കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കൃഷ്ണവേണി മാണിക്കോത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ജയരാജൻ. പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ് തോമസ് | അസി. സെക്രട്ടറി | 01-04-2021 | 02-08-2021 |
| ശ്രീ. ഷരീഫ. എം | അസി. സെക്രട്ടറി | 03-08-2021 | 31-03-2022 |
| ശ്രീ. നസീർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സ്മിത. എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ദീപ രവി വർമ്മ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. സരിത | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ജയപ്രഭ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ശ്രീജ. എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രേഖ. ആർ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രദീപ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ലിജേഷ് രാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അസീന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നമ്പർ നൽകി | 1-10 |
| 12 | റോഡുകൾ എണ്ണം,തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം | 1-11 |
| 13 | റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-12 |
| 14 | തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല | 1-13 |
| 15 | മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-14 |
| 16 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-15 |
| 17 | ധാതുലവണ മിശ്രിതം വിതരണം- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ | 1-16 |
| 18 | തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകൾ ലഭിച്ചില്ല | 1-17 |
| 19 | ഡെപ്പോസിറ്റ് പ്രവർത്തി വിശദാംശങ്ങൾ ലഭ്യമല്ല. | 1-18 |
| 20 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-19 |
| 21 | ലൈഫ് ഭവനപദ്ധതി (പട്ടിക വർഗ്ഗം) - ചെലവ് തുക പൂർണ്ണമായി സുലേഖ ചെലവ് പത്രികയിൽ വന്നില്ല | 1-20 |
| 22 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല | 1-21 |
| 23 | കോളിയോട് മല സാംസ്കാരികനിലയം നിർമ്മാണം പൂർത്തിയാക്കിയില്ല | 1-22 |
| 24 | ആർജ്ജിതാവധി പണമാക്കൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-23 |
| 25 | ഗാർഹിക കമ്പോസ്റ്റിങ്ങ് സംവിധാനങ്ങളുടെ വിതരണം - അപാകതകൾ | 1-24 |
| 26 | എഫ്.എച്ച്.സിയുടെയും സബ്ബ് സെന്ററുകളുടെയും സൗകര്യം വർദ്ധിപ്പിക്കൽ - | 1-25 |

| | | |
|---|---|---|
| | വാങ്ങലുകളിൽ അപാകത | |
| 27 | തെരുവ് വിളക്ക് റിപ്പയർ - ഇൻകം ടാക്സ് ഒടുക്കിയില്ല | 1-26 |
| 28 | അജൈവ ഖരമാലിന്യ നിർമ്മാർജ്ജനം - സീറോ വേസ്റ്റ് നൻമണ്ട | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ഓഡിറ്റ് വർഷത്തെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 18.02.2021 ൽ കൂടിയ ഭരണസമിതിയുടെ തീരുമാനം (3/1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 26.3.2022ലെ തീരുമാനം (3/1) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മറ്റികളൊന്നും തന്നെ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെല്ലാം തന്നെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 26.07.2022 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. Sale Of Tender Forms ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള വരവ് 64,500/- രൂപയാണ് എന്നാൽ 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ RP-5 പ്രകാരം 1,34,079/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

3. അസിസ്റ്റന്റ് എഞ്ചിനീയർ ആസ്തി രൂപീകരണത്തിനായി, 25,24,312/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ B11(b) ഷെഡ്യൂളിൽ Capital Work In Progress ഇനത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

4. വാർഷിക ധനകാര്യപത്രികയിലെ RP-49 ൽ Advance To Implementing Officers ഇനത്തിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പിവിസി ടാങ്ക് എന്ന പദ്ധതിക്കായി 1,56,025/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സുലേഖ ചെലവ് പത്രികയിൽ മറ്റുള്ളവ എന്ന ഇനത്തിൽ ഉൾപ്പെട്ടിട്ടില്ല.

5. എ.സി.ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ ACRലെ തുകകൾ വാർഷിക

കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മെയിന്റനൻസ് (റോഡ് ) ACR ഉം AFS ഉം തമ്മിൽ വലിയ അന്തരം കാണുന്നു.

| ഫണ്ട് | ACR പ്രകാരം | AFS പ്രകാരം |
|---|---|---|
| Development Fund-SCP | 8058503 | 7427000 |
| Development Fund-TSP | 2343465 | 2230000 |
| Maintenance Fund- Road | 6299000 | 4036564 |
| Maintenance Fund- Non Road | 5495266 | 4605114 |

6. ബാലൻസ് ഷീറ്റിലെ B-18 നിൽ Temporary Advance For Offiicial Purposes ഇനത്തിൽ 2,000/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ഈ തുക 30/05/2020ൽ ക്രമീകരിച്ചിട്ടുണ്ടെന്നാണ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്.

7. Property Tax Residential And Non Residential രജിസ്റ്റർ പ്രകാരം കളക്ഷൻ AFS മായി പൊരുത്തപ്പെടുന്നില്ല.

| ഇനം | കളക്ഷൻ AFS പ്രകാരം | കളക്ഷൻ സഞ്ചയ DCB പ്രകാരം |
|---|---|---|
| Property Tax Residential (Head 431100101) | 1771702 | 1672261 |

| | | |
|---|---|---|
| Property Tax Non Residential | 2534410 | 2515749 |

8. RP- 40 (B) പ്രകാരം TREASURY JOINT VENTURE (STSB)-(799011400001392) അക്കൗണ്ടിൽ 10,00,000/- ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. എന്നാൽ, തൻവർഷ ബാലൻസ് ഷീറ്റിൽ B-4 പ്രകാരം Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats ഇനത്തിൽ 1,566,706/- രൂപയും, Contributions For Joint Venture Projects (For CapitalExpenditure) - From District Panchayat ഇനത്തിൽ 25,25,250/- രൂപയും, Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats ഇനത്തിൽ 4,80,000/-, Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats ഇനത്തിൽ 2,00,000/- നീക്കിയിരിപ്പായി അവശേഷിക്കുന്നു. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം B-4 പ്രകാരവും RP- 40 (B) പ്രകാരവും 37,71,956/- രൂപയുടെ അന്തരം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 11/21-22 തീയതി 18/11/2022)

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27701474 |
| വരവ് | 88089735 |
| ആകെ | 115791209 |
| ചെലവ് | 87552411 |
| നീക്കിയിരിപ്പ് | 28238798 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | | 0 | 13651266 | 13651266 | 13651266 | 0 |
| വികസനഫണ്ട് (എസ്.സി.പി ) | | | 0 | 8058503 | 8058503 | 8058503 | 0 |
| വികസനഫണ്ട്(ടി.എസ്.പി ) | | | 0 | 2343465 | 2343465 | 2343465 | 0 |
| മെയിന്റനൻസ് (റോഡ് ) | | | 0 | 9960000 | 9960000 | 6299000 | 3661000 |
| മെയിന്റനൻസ് (നോൺ റോഡ്) | | | 0 | 5780065 | 5780065 | 5495266 | 284799 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Basic | അൺ ടൈഡ് (ട്രഷറി മുഖേന) | 0 | 971501 | 971501 | 970212 | 1289 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | [ACR പ്രകാരം] | | | | | |
| | | അൺ ടൈഡ് (PFMS മഖേന) [ACR പ്രകാരം] | 0 | 2981000 | 2981000 | 2981000 | 0 |
| | Tied | ടൈഡ് (PFMS മഖേന) [ACR പ്രകാരം] | 0 | 4471000 | 4471000 | 3290074 | 1180926 |
| | | ടൈഡ് (ട്രഷറി മുഖേന) [ACR പ്രകാരം] | 0 | 3298543 | 3298543 | 2274082 | 1024461 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ MGNREGS | | | 185174 | 1252436 | 1437610 | 1428612 | 8998 |
| പൈക്ക | | | 42443 | 6241 | 48684 | 0 | 48684 |
| എം.പി.ഫണ്ട് | | | 36145 | 1067 | 37212 | 0 | 37212 |
| ഐ.സി.ഡി.എസ് | | | 544111 | 1409402 | 1953513 | 715989 | 1237524 |
| ശുചിത്വമിഷൻ ഫണ്ട് | ടോട്ടൽ സാനിറ്റേഷൻ | | 2188153 | 0 | 2188153 | 1336292 | 851861 |
| | ശുചിത്വ മിഷൻ ഗ്രാന്റ് | | 620000 | 550000 | 1170000 | 170000 | 1000000 |
| | സാനിറ്റേഷൻ | | 422840 | 0 | 422840 | 0 | 422840 |
| ബി ഫണ്ട് | | | 0 | 245000 | 245000 | 245000 | 245000 |
| ദുരിദാശ്വാസ നിധി | | | 81000 | 509600 | 509600 | 115000 | 475600 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | ലൈഫ് സ്റ്റേറ്റ് ഷെയർ | | 1550000 | 3640000 | 5170000 | 5130000 | 40000 |
| | ബഡ്സ് സ്കൂൾ- കുടുംബശ്രീ മിഷൻ വിഹിതം | | 1250000 | 0 | 1250000 | 0 | 1250000 |
| | എസ്.ടി കോർപ്പസ് ഫണ്ട് | | 1550000 | 0 | 1550000 | 1108806 | 441194 |
| | വിമുക്തി | | 27421 | 1329090 | 1356511 | 0 | 1356511 |

| | ഫണ്ട് & ആശ്രയ | | | | | |
|---|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 12,25,11,454 | 142 | 6,22,77,298 | - | 25 | 85.02% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 185174 | 1252436 | 1437610 | 1428612 | 8998 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 41860130 | 41860130 | 41860130 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10945400 | 701 |
| വിധവാപെൻഷൻ | 15010200 | 990 |
| വാർദ്ധക്യകാലപെൻഷൻ | 32597700 | 2484 |
| വികലാംഗപെൻഷൻ | 4496800 | 316 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2029000 | 146 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2022 ന് 10.30 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2803/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട് .

എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. രസീതി ബുക്കുകളിൽ ചിലത് കൈമാറി നൽകുമ്പോൾ രസീതി ബുക്കിന്റെ പുറക് വശത്ത് സെക്രട്ടറി സെർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല (ഉദാ: രസീതി ബുക്ക് നം. 1912, 1929, 1938). പരാതി രജിസ്റ്ററിൽ പരാതി തീർപ്പാക്കിയ തീയതി പലപ്പോഴും രേഖപ്പെടുത്തുന്നില്ല. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നമ്പർ നൽകി

ഫയൽ നം. എ5-38/2020, തീ-03.01.2020 പ്രകാരം നൻമണ്ട ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ റീ.സ നം. 212/69 ലെ 1.05 ആർ സ്ഥലത്ത് 155.85 ച.മീ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ജയചന്ദ്രൻ, കണ്ണങ്കണ്ടി, നൻമണ്ട എന്നയാൾ അപേക്ഷിച്ചിരുന്നു. അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച ശേഷം സെക്രട്ടറി 28.01.2020 ന് അയച്ച എ 5-38/2020 നമ്പർ കത്ത് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷയിൽ താഴെപറയുന്ന അപാകതകൾ പരിഹരിച്ച് 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു.

I) പ്ലാനിൽ ഡിസേബിൾഡ് ടോയിലറ്റ് കാണിക്കണം.

Ii) സ്റ്റെയർ സ്റ്റെപ്പ് കാണിച്ചത് തെറ്റായിട്ടാണ്.

മാറ്റി സമർപ്പിച്ച പ്ലാൻ 18.02.2020 ന് ഓവർസിയർ പരിശോധിച്ച് അപാകതകൾ പരിഹരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് . 20/02/2020 ന് എ5-38/2020 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചു. കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി നമ്പറിനായ് 10/12/2021 ന് എ5-1713/2021 പ്രകാരം ശ്രീ. ജയചന്ദ്രൻ അപേക്ഷിച്ചു.

അപേക്ഷ കെ.പി.ബി.ആറിന് വിധേയമാണെന്നും അധിക നിർമ്മാണം നടത്തിയിട്ടില്ലെന്നുമുള്ള ഓവർസിയറുടെ 17.02.2022 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒക്യുപെൻസി അനുവദിച്ചു. മേൽ റിപ്പോർട്ട് പ്രകാരം വാണിജ്യ കെട്ടിടത്തിന് 8/538 A, 8/538 B, 8/538 C, 8/538 D, 8/538 E, 8/538 F

എന്നീ നമ്പറുകൾ അനുവദിക്കുകയും ചെയ്തു.

ശ്രീ. ജയചന്ദ്രൻ, കണ്ണങ്കണ്ടി, നൻമണ്ട സമർപ്പിച്ച പ്ലാനിന് അനുമതി കെട്ടിട നമ്പർ നൽകിയെങ്കിലും താഴെ പറയുന്ന അപാകത നിലനിൽക്കുന്നു.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 39 പ്രകാരം ഏതു കെട്ടിടത്തിലേയും ഇടനാഴി, വരാന്ത, പ്രവേശന മാർഗ്ഗങ്ങൾ തുടങ്ങിയവയുടെ വീതി ഒരു കാരണവശാലും 1 മീറ്ററിൽ താഴെ കുറയാവുന്നതല്ല. എന്നാൽ 07.02.2020ന് പുനർസമർപ്പിച്ച പ്ലാനിലും 10.12.2021 ന് സമർപ്പിച്ച കംപ്ലീഷൻ പ്ലാനിലും കെട്ടിടത്തിന്റെ ഒന്നാം നിലയിലെ ഇടനാഴിക്ക് 0.95 മീറ്റർ മാത്രമാണ് വീതി.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ(2019) ചട്ടം 39 പ്രകാരമുള്ള വീതി ഇടനാഴിക്ക് പ്ലാനിലും കെട്ടിടത്തിലും നൽകാതിരുന്നിട്ടും പെർമിറ്റ് നൽകി ഒക്യുപൻസി അനുവദിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-11 റോഡുകൾ എണ്ണം,തരം - റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം

നൻമണ്ട ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 32 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 249 റോഡുകൾ സ്ഥാപനത്തിലുണ്ട്.

| റോഡുകൾ എണ്ണം, തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 249 | 32 |
| അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ | 33 | 8 |
| അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകൾ | 215 | 24 |
| ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ | 1 | - |
| നീളം 1 കിലോ മീറ്ററിൽ കൂടുതൽ | 40 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും. കൂടാതെ ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവയിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് ലഭിക്കുകയും ചെയ്യും. ഗ്രാമപഞ്ചായത്തിൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ ആസ്തി രജിസ്റ്റർ പ്രകാരം 33 എണ്ണവും റോഡ് മാസ്റ്റർ പ്രകാരം 8 എണ്ണവുമാണ്. അതായത് അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഈടാക്കേണ്ട മുഴുവൻ റോഡുകളുടേയും വിവരങ്ങൾ റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 32 റോഡുകളുടെ പേരുവിവരം മാത്രം രേഖപ്പെടുത്തിയതിനാൽ നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒരു റോഡ് പോലും

വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം.

റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം പരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകതകൾക്കുള്ള സാധ്യത ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതില്ല.

നൻമണ്ട ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, നമ്പറിംഗ് ഫയലുകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ താഴെപറയുന്ന വാണിജ്യ, പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് രേഖപ്പെടുത്താത്തതായി കണ്ടു.

I)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | ദീപ്തി.യു, സായിതീർത്ഥം, കൊളത്തൂർ |
| വാർഡ് നമ്പർ | 1 |
| റീ.സ നമ്പർ | 78/7 |
| വില്ലേജ് | നൻമണ്ട |
| താലൂക്ക് | കോഴിക്കോട് |
| മേഖല | ദ്വിതീയം |
| പ്ലോട്ട് ഏരിയ | 10.52 ആർസ് |

| | |
|---|---|
| അനുവദിച്ച കെട്ടിട നമ്പറുകൾ | 1/251 A, 1/251 B, 1/251 C, 1/251 D |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 50 |

എൽ.എസ്.ജി.ഡി അംഗീകരിച്ച സൈറ്റ് പ്ലാൻ, സർവീസ് പ്ലാൻ പ്രകാരം 8.00 മീറ്റർ വീതിയുള്ള ചീക്കിലോട് പറമ്പിൻമുകൾ റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ചീക്കിലോട് പറമ്പിൻമുകൾ റോഡ് അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് – 10% മേഖല) | യഥാർത്ഥത്തിൽ 50 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(ഇളവ് – 10% മേഖല, വർദ്ധനവ് – 20% വഴി സൗകര്യം) |
|---|---|---|---|
| 1/251 A | 19.4 $M^2$, താഴത്തെ നില വാണിജ്യം | 873 + 44 (5% LC) = 917 | 1067 + 54 (5% LC) = 1121 |
| 1/251 B | 19.4 $M^2$, താഴത്തെ നില വാണിജ്യം | 873 + 44 (5% LC) = 917 | 1067 + 54 (5% LC) = 1121 |
| 1/251 C | 19.4 $M^2$, താഴത്തെ നില വാണിജ്യം | 873 + 44 (5% LC) = 917 | 1067 + 54 (5% LC) = 1121 |
| 1/251 D | 92.71 $M^2$, ഒന്നാം നില വാണിജ്യം | 3940 + 197 (5% LC) = 4137 (ഇളവ്- 5%ബഹുനിലവാണിജ്യാവശ്യം) | 4867 + 243 (5% LC) = 5110 (ഇളവ്- 5%ബഹുനിലവാണിജ്യാവശ്യം) |
| | | | 8068 + 405 (5% LC) = 8473 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (8068 + 405 ) – (6559 + 329) 1509 + 76 (5% LC) = 1585 | | | |

| | |
|---|---|
| ആകെ | 6559 + 329 (5% LC) = 6888 |

Ii)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | അനൂപ്.എ, മലയമ്മൽ(H), പ്രതീക്ഷ, കരുവശ്ശേരി, കാരപറമ്പ് |
| റീ.സ നമ്പർ | 308/12, 308/1A |
| വില്ലേജ് | നൻമണ്ട |
| താലൂക്ക് | കോഴിക്കോട് |
| മേഖല | ദ്വിതീയം |
| പ്ലോട്ട് ഏരിയ | 7.28 ആർസ് |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 13/161 A |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | പാർപ്പിടാവശ്യം |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 147.61 $M^2$ (താഴത്തെ നില )+ 84.23 $M^2$ (ഒന്നാം നില) = 231.84 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 4 |

എൽ.എസ്.ജി.ഡി അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 6 മീറ്റർ വീതിയുള്ള പാറപ്പുറം റോഡിൽ നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള നൻമണ്ട ഹൈസ്കൂൾ പാറപ്പുറം റോഡിൽ നിന്നാണ് പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ ചുമത്തേണ്ട20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 4 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (ഇളവ് - 10% മേഖല) | യഥാർത്ഥത്തിൽ 4 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 13/161 A | 231.84 $M^2$, പാർപ്പിടാവശ്യം | 835 + 42 (5% LC) = 877 | 1021 + 52 (5% LC) = 1073 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (1021 + 52 ) - (835 + 42 )<br>186 + 10 (5% LC) = 196 | | | |

സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്നാണ് മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും നൽകുന്നതിൽ സ്ഥാപനം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. 2011 ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിലെ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണയം പുന പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത്തരത്തിൽ വരുമാനമാർജ്ജിക്കുന്നവരെ തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ശ്രീ. മജീദ്.പി.കെ (പാണ്ടിക്കോട്ട്,കൊളത്തൂർ-673315), ശ്രീ. അബ്ദുള്ള (പുതിയോട്ടുകണ്ടി,ചീക്കിലോട്-673315) എന്നിവരുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനായി രണ്ട് കെട്ടിടങ്ങളാണ് യഥാക്രമം 1/411 D To E വരെയുള്ളതും , 17/250 D & E യും ഈ കെട്ടിടങ്ങൾ ഉടമസ്ഥൻ വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വരുമാനത്തിനനുസൃതമായി കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു പോലെയുള്ള മറ്റ് കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി തൊഴിൽ നികുതിയുടെ ഡിമാന്റ് വർദ്ധിപ്പിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട അക്ഷയ കേന്ദ്രങ്ങളിൽ തൊഴിൽ ചെയ്യുന്നവർ, ഡോക്യുമെന്റ് റൈറ്റേഴ്സ്, അഡ്വക്കേറ്റ്സ് എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ തൊഴിൽ നികുതി വരവ് 100% ആണെങ്കിലും പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നില്ല എന്നാണ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തിന് അർഹതപ്പെട്ട മുഴുവൻ സ്രോതസ്സിൽ നിന്നും തൊഴിൽ

നികുതിയുടെ ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

നമ്പണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-2022 സംക്ഷിപ്തം പ്രകാരം 9,43,614/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു. വിവിധ അക്കൌണ്ടുകളിലായി 1983-84 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

KFC ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞ നിലനിർത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

മേൽ ഡെപ്പോസിറ്റുകളിൽ ഉൾപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് 30,500/- രൂപ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 144ാം വകുപ്പ് സ്ഥാനാർത്ഥിയുടെ നിക്ഷേപം കണ്ടുകെട്ടൽ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള പരിശോധനയിൽ, സാക്ഷരതാ പ്രേരക്മാർക്ക് ടി.എ, ഹോണറേറിയം, എന്നീ ഇനങ്ങളിൽ നൽകിയ 57,418/- രൂപ നിലവിൽ പഞ്ചായത്തിന് തിരികെ ലഭിയ്ക്കാനുള്ളതായി കാണുന്നു. സാക്ഷരതാ മിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാതെ വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയവും, മറ്റു അലവൻസുകളും നൽകുകയും, ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത്. ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും തുക, തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 14/11/2022ലെ ഓഡിറ്റ് എൻക്വയറി നം. 2/21-22 ന് നൽകിയ മറുപടിയിൽ സാക്ഷരതാമിഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് തൽക്കാലം തിരികെ അനുവദിക്കാൻ കഴിയില്ല എന്നറിയിച്ചു കൊണ്ടുള്ള കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

എന്നാൽ സാക്ഷരതാമിഷൻ പിന്നീട് ഈ തുക തദ്ദേശസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ മിഷനിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കണക്കുകൾ മിഷനെ അറിയിക്കേണ്ടതാണ്.

### 1-16 ധാതുലവണ മിശ്രിതം വിതരണം- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ

പ്രൊജക്ട് നമ്പർ 109/2021-22
ബിൽ നമ്പർ- 150/17-11-2021 & 236/13-01-2022

ധാതുലവണ മിശ്രിതം വിതരണം

അടങ്കൽ - 1,19,000

ചെലവ് - 1,19,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് )

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ.

പ്രൊജക്ട് പ്രകാരം 170 ഗുണഭോക്താക്കൾക്ക് 700 രൂപ വില വരുന്ന ധാതു ലവണ മിശ്രിതവും, വിര മരുന്നും കർണ്ണാടക ആന്റിബയോട്ടിക്സിൽ നിന്നും വാങ്ങി വിതരണം ചെയ്യുകയും 1,19,000/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. (68793 +50207)

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ

1. ഭരണസമിതിയുടെ 18.09.2021 ലെ 3/1 നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃ പട്ടികയിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ അംഗീകരിച്ച പട്ടികയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും

ആനുകൂല്യം വിതരണം ചെയ്യുന്നതിനും അവശേഷിക്കുന്ന ധാതു ലവണമിശ്രിതം , വിരമരുന്ന്, ഡിസ്പെൻസറിയിൽ ആദ്യം വരുന്നവർക്ക് ആദ്യം എന്ന ക്രമത്തിൽ വിതരണം ചെയ്യുന്നതിനും, അത്തരം ഗുണഭോക്താക്കളെ പിന്നീട് അംഗീകരിക്കുന്നതിനും, നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 97 പേരുടെ അംഗീകരിച്ച ഗുണഭോക്തൃപട്ടിക മാത്രമേ ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 73 പേരുടെ ഗുണഭോക്തൃപട്ടിക ഹാജരാക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 5/2021-22 തിയ്യതി 16.11.2022). രേഖകളുടെ അഭാവത്തിൽ ചെലവ് തുക 51,100/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-17 തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകൾ ലഭിച്ചില്ല

നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ മരുന്ന വിതരണത്തിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുഴുവൻ തുക മുൻകൂറായി നൽകിയിട്ടും ഓഡിറ്റ് തീയതി വരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | നൽകിയ തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 1 | 49/2021-22 പെയിൻ & പാലിയേറ്റീവ് | 60,000/- (ബിൽ നം.320/2021-22 തീയതി 14.03.2022) | 39,567/- | 20,433/- |
| 2 | 83/21-22 കിടപ്പിലായ വയോജനങ്ങൾക്ക് ചികിൽസയും മരുന്നും പോഷകാഹാരവും | 1,00,000/- (ബിൽ നം. 347/2021-22 തീയതി 18.03.2022) | 82,002/- | 17,998/- |
| ആകെ | | | | 38,431/- |

ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വിലയായ 38,431/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ഡെപ്പോസിറ്റ് പ്രവർത്തി വിശദാംശങ്ങൾ ലഭ്യമല്ല.

നന്മണ്ട പഞ്ചായത്തിലെ അസി.എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തികൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) പ്രൊജക്ട് നം /പേര്. എരഞ്ഞിലോട്ട് താഴം ചീക്കിലോട്ട് താഴംകനാൽറോഡ് .40. / 21-22

അടങ്കൽ- 580000 (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ്തുക- 580000.(ബിൽനം. 358 .22.3.21 )

2) പ്രൊജക്ട് നം . 161/21-22 .ടേക്ക് എ ബ്രേക്ക് .അധികതുക ഡൊപ്പോസിറ്റ് ചെയ്യൽ

അടങ്കൽ- 165466 (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ്തുക- 165466 (ബിൽനം .165./30.11.21 )

21-22 ൽ മേൽസൂചിപ്പിച്ച പ്രോജക്ടുകൾ പ്രകാരം കെ.വൈ. ഐ.പി .പേരാമ്പ്ര ഡിവിഷനിലേയ്ക്ക് തുക ഡൊപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എഗ്രിമെന്റ് വച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

2. പ്രവൃത്തിയുടെ പുരോഗതിയുടെ വിശദാംശങ്ങളില്ല.

3.വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

4.സ.ഉ.(കൈ)നം.11/2018/L.S.G.D.dtd.29.1.18 ഖ.11.2(ഡി) പ്രകാരം ഉള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 745466 (580000+165466) തടസ്സത്തിൽ വയ്ക്കുന്നു

## 1-19 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

നന്മണ്ട ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ 2021-22 ൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്ക് സ്ഥലം പരിശോധിച്ച് സ്ഥലത്തിന്റെ അളവും , സ്ഥലം കൃഷിയോഗ്യമാണെന്ന് സാക്ഷ്യപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ഈ റിപ്പോർട്ട് കൃഷി ഓഫീസർ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| 1 | പ്രോജക്ട് നമ്പർ 27 – സുഭിക്ഷ കേരളം- ചെറുധാന്യകൃഷി പ്രോത്സാഹനം(വനിത എസ്.ടി) | |
| | അടങ്കൽ | 50,000 |
| | ചെലവ് | 14,400 |
| 2 | പ്രോജക്ട് നമ്പർ 26/21-22 – സമഗ്ര ഇടവിള കൃഷി(വനിത എസ്.ടി) | |
| | അടങ്കൽ | 1,00,000 |
| | ചെലവ് | 1,00,000 |
| 3 | പ്രോജക്ട് നമ്പർ 22/21-22 – സുഭിക്ഷ കേരളം നെൽകൃഷി വികസനം – തരിശ് | |

| | | |
|---|---|---|
| | അടങ്കൽ | 103520 |
| | ചെലവ് | 103520 |
| 4 | പ്രോജക്ട് നമ്പർ 21/21-22 – സുഭിക്ഷ കേരളം ഇടവിള കൃഷി - (വനിത) | |
| | അടങ്കൽ | 3,00,000 |
| | ചെലവ് | 3,00,000 |

4 പ്രൊജക്ടുകളുടേയും സ്ഥലപരിശോധനാ റിപ്പോർട്ടും പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും ക്രമ നമ്പർ 1 ന്റെ ഗുണഭോക്തൃ ലിസ്റ്റും ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 18/ 2021-22 , തീ-19.11.2022 ) മറുപടി നൽകിയിട്ടില്ല. റിപ്പോർട്ടുകളുടെ അഭാവത്തിൽ 4 പ്രൊജക്ടുകളുടേയും ആകെ ചെലവ് തുക 5,17,920 രൂപ തടസ്സത്തിൽ വെക്കുന്നു

## 1-20 ലൈഫ് ഭവനപദ്ധതി (പട്ടിക വർഗ്ഗം) - ചെലവ് തുക പൂർണ്ണമായി സുലേഖ ചെലവ് പത്രികയിൽ വന്നില്ല

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 09/2021-22 നമ്പർ പ്രൊജക്ടിൽ (ലൈഫ് ഭവനപദ്ധതി -പട്ടികവർഗ്ഗം) ഉൾപ്പെടുത്തി 16.09.2021ലെ 77ാം നമ്പർ സാംഖ്യ ബിൽ മുഖേന (ചെക്ക് നം. 025337/20.09.2021, 2,00,000/-രൂപ ) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| പേര് | വാർഡ് നമ്പർ | തുക |
|---|---|---|
| ഷിനില പി.സി | 3 | 1,10,000/- |
| സനില | 2 | 90,000/- |
| ആകെ | | 2,00,000/- |

എന്നാൽ ഈ ചെലവ് സുലേഖ ചെലവ് പത്രികയിൽ വന്നിട്ടില്ല. മേൽപറഞ്ഞ ബില്ലിലെ ചെലവ് തുകയായ 2,00,000/- രൂപയടക്കം 09/2021-22 നമ്പർ പ്രൊജക്ടിലെ ആകെ ചെലവ് 61,19,198/- രൂപയാണെങ്കിലും സുലേഖ ചെലവ് പത്രികയിൽ പ്രൊജക്ടിലെ ആയത് 59,19,198/- രൂപയെന്നാണ് കാണിച്ചിട്ടുള്ളത്. വത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/2021-22 തീയതി 18.11.2022) മറുപടി ലഭിച്ചിട്ടില്ല.

ചെലവ് തുക വത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-21 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ നടപടികൾ തുടങ്ങിയ വർഷം മുതൽ നാളിതുവരെ ഈ ഇനത്തിലുള്ള വരവ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ജില്ലാപഞ്ചായത്തിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇ-ടെണ്ടർ ഫീ ഫയൽ പരിശോധിച്ചതിൽ 2021-22വർഷത്തിൽ 16 പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ

കൈകൊണ്ടതായി കാണുന്നു. പഞ്ചായത്തിൽ അസി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും(39843350583 .S.B.I ബാലുശ്ശേരി ) ഇ ടെണ്ടർ ഇനത്തിലെ വരവുകൾ പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. നാളിതുവരെ ഇ-ടെണ്ടർ ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വറിയ്ക്ക് മറുപടി ലഭ്യമല്ല. ഇ-ടെണ്ടർ ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കി യതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-22 കോളിയോട് മല സാംസ്കാരികനിലയം നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രൊജക്റ്റ് നം . 125 / 21-22 (SO)

അടങ്കൽ- 3875000 (100000 ടി.എസ്സ്.പി),3775000 പട്ടികവർഗ്ഗവികസനം - കോർപ്പസ് ഫണ്ട്)

ചെലവ്തുക- 1108806 (ചെക്ക്നം . 1944971/10-01-22, 1059522,)

- (ചെക്ക്നം .1944972/2-2-22 ,49284 )

നന്മണ്ട പഞ്ചായത്തിൽ 21-22 ൽ മേൽസൂചിപ്പിച്ച പ്രോജക്റ്റ് പ്രകാരം കോളിയോടുമല യിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 സെന്റ് സ്ഥലത്താണ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടു പ്രകാരം വ്യത്യസ്ത നിരപ്പിലായി സ്ഥിതി ചെയ്യുന്ന സൈറ്റിൽ താഴെ നിരപ്പിൽ ലൈബ്രറി, മുകൾനിരപ്പിൽ ഹാൾ ,ടോയിലറ്റ് എന്നിവയും കൂടാതെ പിൻഭാഗത്ത് കോൺക്രീറ്റ് സംരക്ഷണഭിത്തി,മുകൾനിലയിലേയ്ക്ക് കോൺക്രീറ്റ് സ്റ്റെപ്പ് എന്നിവയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് നം 43A/2018-19 .22.11.18 പ്രകാരം ശ്രീ.മോയ്തീൻകോയ.പി.പി എന്നകരാറുകാരൻ പ്രവർത്തി ഏറ്റെടുത്തിട്ടുണ്ട്.( കരാർതുക 3573699.52) . ഫയലിൽ സൈറ്റ് കൈമാറിയ തിയ്യതി, പ്രവർത്തി ആരംഭിച്ച തിയ്യതി എന്നിവ യുടെ വിശദാംശങ്ങളില്ല. M ബുക്ക് 94/18-19, 247/19-20,278/20-21 എന്നിവപ്രകാരം 2/1/19 നാണ് ആദ്യത്തെ ചെക്ക് മെഷർതിയ്യതി രേഖപ്പെടുത്തിയിരിക്കുന്നത്. M ബുക്ക് 94/18-19 ലെ പേജ് നം 2 പ്രകാരം (ഐറ്റംനം.2. ) Earthwork Excavation നടത്തിയപ്പോൾ ലഭിച്ച Stacked Rubble Masonry യുടെ വാല്യേഷൻ 203.75x 865/m3 = 176243.75 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 18.2. 22 കത്ത് പ്രകാരം എ.ഇ. ഇവ ലേലം ചെയ്യാനുള്ള തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പിരീഡ് വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 18.7.22 ലെ ഊരുമൂപ്പൻ സമർപ്പിച്ച അപേക്ഷ, അസി.എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവപ്രകാരം പഞ്ചായത്തിന്റെ 26.7. 22 ലെ 2/1 നം തീരുമാനത്തിൽ അടങ്കലിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് റിവൈസ്ചെയ്യാനും , പട്ടികവർഗവകുപ്പിന്റെ അംഗീകാരത്തോടെ തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. 17.11.22 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ നിർമ്മാണം ഇതുവരെയും പൂർത്തിയാക്കാതെ കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. 2018-19 സാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തിയ പദ്ധതി പൂർത്തിയാവാതെ തുടരുന്നത് പദ്ധതിയുടെ നിർവഹണത്തിലും മോണിറ്ററിംഗിലുമുള്ള അപാകതകൾ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി.എസ്സ് .സ്ളിപ്പ് പ്രകാരം 12 മാസമാണ് പ്രവർത്തി പൂർത്തിയാക്കാനുള്ള കാലാവധി. ഇവിടെ കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. സാംസ്കാരികനിലയം നിർമ്മാണം പൂർത്തികരിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. സാസ്കാരിക നിലയം പ്രവർത്തനസജ്ജമാക്കി വിവരമറിയിക്കേണ്ടതും ലേല നടപടികൾ ത്വരിതപ്പെടുത്തേണ്ടതും കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ 1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-23 ആർജ്ജിതാവധി പണമാക്കൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല

നന്മണ്ട ഗ്രാമപഞ്ചായത്തിലെ 2 ഓഫീസ് അസിസ്റ്റന്റുമാർ ഉൾപ്പെടെ 10 ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ച് 02.06.2021ലെ 22100180 നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നം. 107294, തീയതി 02.06.2021) ആകെ 4,23,810/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. 26.07.2021 ലെ ജി.ഒ.(പി) 104/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ളവരുടെ ആർജ്ജിതാവധി പണമാക്കി നൽകുന്നത് 01.06.2021 മുതൽ ആറ് മാസത്തേക്ക് മരവിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഓഫീസ് അസിസ്റ്റന്റുമാർ ഒഴികെയുള്ളവരുടെ ആർജ്ജിതാവധി പണമാക്കി നൽകിയത് ക്രമപ്രകാരമല്ല.

ജി.ഒ.(പി) 104/2021/ഫിൻ നമ്പർ ഉത്തരവ് 26.07.2021നാണ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത് എങ്കിലും ആയതിന് 01.06.2021 മുതൽ പ്രാബല്യമുണ്ട്. പ്രാബല്യ തീയതിക്കും ഉത്തരവ് തീയതിക്കും ഇടയിലുള്ള കാലയളവിൽ സറണ്ടർ ചെയ്ത ആർജ്ജിതാവധികൾ പുന:പരിശോധിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കാത്ത സാഹചര്യത്തിൽ ഓഫീസ് അസിസ്റ്റന്റുമാർ ഒഴികെയുള്ള ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി നൽകിയ നടപടിക്ക് സർക്കാർ സാധൂകരണം വാങ്ങിക്കേണ്ടതാണ്.

## 1-24 ഗാർഹിക കമ്പോസ്റ്റിങ്ങ് സംവിധാനങ്ങളുടെ വിതരണം - അപാകതകൾ

നന്മണ്ട ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ വിവിധ പ്രൊജക്ടുകളിലായി താഴെ പറയുന്ന ഗാർഹിക കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട് .

| ക്രമ നം. | പ്രൊജക്റ്റ് | 2021-22ൽ ചെലവഴിച്ച തുക | കമ്പോസ്റ്റിങ്ങ് സംവിധാനം | വിതരണം ചെയ്ത യൂണിറ്റുകൾ |
|---|---|---|---|---|
| 1 | 119/2021-22 ഗാർഹിക ബയോബിൻ വിതരണം | 19,03,058/- | പോർട്ടബിൾ ബയോബിൻ | 1466 |
| 2 | 171/2021-22 ഗാർഹിക ബയോബിൻ വിതരണം (രണ്ടാം ഘട്ടം) | 3,76,275/- | പോർട്ടബിൾ ബയോബിൻ | |
| 3 | 160/2021-22 ഗാർഹിക ബയോബിൻ വിതരണം (എസ്.സി) | 2,75,675/- | പോർട്ടബിൾ ബയോബിൻ | 140 |
| 4 | 174/2021-22 ഗാർഹിക ബയോബിൻ വിതരണം (എസ്.ടി) | 56,767/- | പോർട്ടബിൾ ബയോബിൻ | 29 |
| 5 | എസ്.ഒ 131/2021-22 ഗാർഹിക മാലിന്യ സംസ്കരണം | 45,000/- | റിങ്ങ് കമ്പോസ്റ്റ് | 18 |
| | ആകെ | 26,56,775/- | | |

14.02.2018ലെ ജി.ഒ.(എം.എസ്) 22/2018/തസ്വഭവ നമ്പർ ഉത്തരവിൽ ഗാർഹികതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിതരണത്തിൽ അഞ്ച് സെന്റോ അതിൽ കുറവോ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള മുൻഗണന നൽകി തന്നെയാണോ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബയോ ബിന്നുകളും, റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകളും ഗുണഭോക്താക്കൾക്ക് കൈമാറിയത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത യൂണിറ്റുകൾ കാര്യക്ഷമമായി

ഉപയോഗപ്പെടത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ഇല്ല.

റിങ്ങ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുന്ന പ്രൊജക്റ്റ് ഗ്രാമപഞ്ചായത്തിലെ 6,7 വാർഡുകളിൽ മാത്രമായാണ് നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ നിർമ്മാർജന ആവശ്യകതകൾ സമഗ്രമായി വിലയിരുത്തിയതിന് ശേഷമാണ് പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടത് എന്നിരിക്കെ രണ്ട് വാർഡുകൾക്ക് മാത്രമായി ഇത്തരമൊരു പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 /2021-22 തീയതി 18.11.2022 ) മറുപടി ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ നിർമ്മാർജന ആവശ്യകതകൾ സമഗ്രമായി വിലയിരുത്തിയതിന് ശേഷം മാത്രമാണ് ഗാർഹികതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്ഥലപരിമിതിയാണ് ഉറവിടജൈവമാലിന്യ സംസ്കരണത്തിനുള്ള പ്രധാന തടസ്സം എന്നതിനാൽ ബയോബിൻ, റിങ്ങ് കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ വിതരണം ചെയ്യുമ്പോൾ 14.02.2018ലെ ജി.ഒ.(എം.എസ്) 22/2018/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം അഞ്ച് സെന്റോ അതിൽ കുറവോ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വിതരണം ചെയ്യപ്പെടുന്ന സംവിധാനങ്ങൾ ഉപയോഗപ്പെടത്തി ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കാര്യക്ഷമമായി സംസ്കരിക്കപ്പെടുന്നുണ്ട് എന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ജൈവമാലിന്യ സംസ്കരണ ഉപാധികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനം നൽകുക എന്നുള്ളത് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളിലൊന്നാണെന്ന് 12.08.2020 ലെ ജി.ഒ (ആർ.റ്റി)1496/2020/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

## 1-25 എഫ്.എച്ച്.സിയുടെയും സബ്ബ് സെന്ററുകളുടെയും സൗകര്യം വർദ്ധിപ്പിക്കൽ - വാങ്ങലുകളിൽ അപാകത

| | |
|---|---|
| പ്രൊജക്റ്റ് | 107/2021-22 (എഫ്.എച്ച്.സിയുടെയും സബ്ബ് സെന്ററുകളുടെയും സൗകര്യം വർദ്ധിപ്പിക്കൽ) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| അടങ്കൽ | 5,45,533/- |
| ചെലവ് | 5,45,533/- |

എഫ്.എച്ച്.സിയുടെയും സബ്ബ് സെന്ററുകളുടെയും സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച മേൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നടത്തിയ വാങ്ങലുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) എഫ്.എച്ച്.സിയിലെയും അതിന് കീഴിലുള്ള വിവിധ സബ്ബ് സെന്ററുകളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മുൻകൂട്ടി വിഭാവനം ചെയ്ത് ആയതിനനുസരിച്ച് ഒരേ ഇനത്തിൽപെട്ട ഉപകരണങ്ങളും സാധനങ്ങളും ഒരുമിച്ച് വാങ്ങിക്കുന്നതിന് പകരം സബ്ബ് സെന്ററുകളിൽ നിന്ന് ആവശ്യങ്ങൾ അറിയിക്കുന്ന മുറയ്ക്ക് പല തവണകളായി ഉപകരണങ്ങളും സാധനങ്ങളും വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ സിഡ്കോയിൽ നിന്ന് പ്ലാസ്റ്റിക് കസേരകളും സ്റ്റൂളുകളും വാങ്ങിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | ഇനം | എണ്ണം | ചെലവായ തുക |
|---|---|---|---|---|
| 1 | 363/23.02.2022 | പ്ലാസ്റ്റിക് കസേര | 14 | 15,758 |
| 2 | 379/21.03.2022 | പ്ലാസ്റ്റിക് സ്റ്റൂൾ | 2 | 757 |
| 3 | 380/26.03.2022 | പ്ലാസ്റ്റിക് കസേര | 4 | 4,502 |
| 4 | 382/26.03.2022 | പ്ലാസ്റ്റിക് കസേര | 5 | 6,000 |
| | | പ്ലാസ്റ്റിക് സ്റ്റൂൾ | 1 | |
| ആകെ | | | | 27,017 |

2) സ.ഉ (സാധാ) 26/2015/എസ്.പി.ഡി തീയതി 28.05.2015, സ.ഉ (സാധാ) 10/20121/എസ്.പി.ഡി തീയതി 03.03.2021 എന്നിവ പ്രകാരം മേൽപറഞ്ഞവ സിഡ്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ പറ്റുന്നവയല്ല. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് സിഡ്കോയിൽ നിന്ന് ഇവ വാങ്ങിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/2021-22 തീയതി 18.11.2022) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും സർക്കാർ ഉത്തരവുകൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-26 തെരുവ് വിളക്ക് റിപ്പയർ - ഇൻകം ടാക്സ് ഒടുക്കിയില്ല

നന്മണ്ട ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ നന്നാക്കുന്നതുമായി ബന്ധപ്പെട്ട പ്രൊജക്ട് 30/21-22 പ്രകാരം 2021-22 വർഷം 2,60,000/- രൂപ സൺബേർഡ് എന്ന കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. കമ്പനിക്ക്, 04.01.2022 ൽ തനത് ഫണ്ടിൽ നിന്നും നൽകിയ 2,00,000/- രൂപയിൽ നിന്ന് 2 ശതമാനം തുകയായ 4,000/- രൂപ ഇൻകം ടാക്സ് ഇനത്തിൽ കുറവ് ചെയ്തതായി കാണുന്നുണ്ടെങ്കിലും, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ തുക ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. തുക ഒടുക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 4/2021-22 തിയ്യതി 15.11.2022). പ്രസ്തുത തുക ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടില്ലായെങ്കിൽ ആയത് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-27 അജൈവ ഖരമാലിന്യ നിർമ്മാർജ്ജനം - സീറോ വേസ്റ്റ് നൻമണ്ട

സംസ്ഥാനത്ത് ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യസംസ്കരണ ക്യാമ്പയിൻ ആരംഭിക്കുന്നതിന് മുൻപ് തന്നെ അജൈവമാലിന്യ നിർമ്മാർജനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന ഗ്രാമപഞ്ചായത്താണ് നന്മണ്ട. ഓരോ വാർഡിലെയും ഗാർഹിക അജൈവമാലിന്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കുന്ന സമയത്ത് അതത് വാർഡിലെ ഏതെങ്കിലുമൊരു സ്ഥലത്ത് വീട്ടുകാർ തന്നെ എത്തിക്കുകയും തുടർന്ന് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്ന ഏജൻസികളെക്കൊണ്ട് ഇവ നീക്കം ചെയ്യിപ്പിക്കുകയുമെന്ന രീതിയായിരുന്നു മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. ഹരിതകേരളം പദ്ധതി തുടങ്ങിയതിന് ശേഷവും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നത് വരെ ഈ രീതി തന്നെയായിരുന്നു തുടർന്ന് വന്നിരുന്നത്. ഇത്തരത്തിൽ അജൈവമാലിന്യങ്ങൾ മാലിന്യങ്ങൾ നീക്കം

ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് വർഷാവർഷം വലിയൊരു തുക ചെലവ് വന്നിരുന്നു. 2019-20, 2020-21 വർഷങ്ങളിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്ത വകയിൽ ഗ്രാമപഞ്ചായത്തിന് ചെലവായ തുക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രൊജക്റ്റ് | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 34/2019-20<br>പ്ലാസ്റ്റിക് മാലിന്യരഹിത ഗ്രാമം | 9,00,000/- |
| 2020-21 | SO 146/2020-21<br>പ്ലാസ്റ്റിക് മാലിന്യരഹിത ഗ്രാമം | 5,87,750/- |

കോവിഡ് മഹാമാരിക്ക് ശേഷം 2021 ഏപ്രിൽ മാസത്തോട് കൂടി മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംഘടിതരീതിയിൽ ആരംഭിച്ചത്. അതിന് ശേഷം ഗ്രാമപഞ്ചായത്തിന് അജൈവമാലിന്യം ഒഴിവാക്കുന്നതിനായി ചെലവ് ചെയ്യേണ്ടി വന്ന തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രൊജക്റ്റ് | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 42/2021-22<br>സീറോ വേസ്റ്റ് നമ്മണ്ട | 35,415* |
| *( ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം 19,575 + മാലിന്യ സംസ്കരണ ഏജൻസിക്ക് 15,840 ) | | |

ഗ്രാമപഞ്ചായത്തിലെ പാതയോരങ്ങളും, ഓടകളും, തോടുകളും ഹരിതകർമ്മസേനയുടെ സഹായത്തോട് കൂടി ശുചീകരിച്ച് ശേഖരിച്ച പൊതുമാലിന്യം നീക്കം ചെയ്യുന്നതിനാണ് മേൽ തുക ചെലവ് വന്നത്. മുൻ വർഷങ്ങളിലേത് പോലെ ഗാർഹികമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവൊന്നും ചെയ്യേണ്ടി വന്നിട്ടില്ല.

ഹരിതകർമ്മസേന

ഓരോ വാർഡിൽ നിന്നും രണ്ടു പേർ വീതമുള്ള 34 അംഗ ഹരിതകർമ്മസേനയാണ് നമ്മണ്ട ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നത്. 2021-22ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സീറോ വേസ്റ്റ് നമ്മണ്ട എന്ന പ്രൊജക്റ്റിൽ (നം. 42/2021-22) ഉൾപ്പെടുത്തി ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റു വസ്തുക്കളും ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | ചെലവായ തുക |
|---|---|

| | |
|---|---|
| യൂണിഫോം തുണി/തുന്നൽ കൂലി | 29,740 |
| മാലിന്യ ശേഖരണത്തിനുള്ള ഉപകരണങ്ങൾ | 18,214 |
| വെയിങ്ങ് മെഷിൻ | 9,500 |
| യൂസർ ഫീ കലക്ഷൻ കാർഡ് | 11,200 |
| രശീതി ബുക്ക് | 8,450 |
| ആകെ | 77,104 |

രശീതി ബുക്ക് മുഖേന യൂസർ ഫീ പിരിക്കുന്നുണ്ടെങ്കിലും ഹരിതകർമ്മസേനയുടെ കണക്കെഴുത്ത് നിലവിൽ കുറ്റമറ്റ രീതിയിൽ അല്ല. രശീതി പുതസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, കലക്ഷൻ രജിസ്റ്റർ, അക്കൗണ്ട് ബുക്ക് എന്നിവയൊന്നും സൂക്ഷിച്ചു വരുന്നില്ല. യൂസർ ഫീയായി പിരിക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കുന്നതും, ആയതിൽ നിന്ന് അംഗങ്ങൾക്കുള്ള വേതനവും മാലിന്യം നീക്കം ചെയ്യുന്ന ഏജൻസിക്ക് നൽകുന്ന തുകയും പിൻവലിക്കുന്നതും മിനിറ്റ്സ് ബുക്കിൽ എഴുതിവയ്ക്കുകയാണ് ചെയ്യുന്നത്. ഹരിതകർമ്മസേനയുടെ കണക്കെഴുത്തും, അനുബന്ധരേഖകളുടെ സൂക്ഷിപ്പും കുറ്റമറ്റരീതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യ ശേഖരണം

34 അംഗ ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുണ്ട് എങ്കിലും ഗ്രാമപഞ്ചായത്തിൽ വാതിൽപ്പടി അജൈവമാലിന്യ ശേഖരണം കാര്യക്ഷമമായി നടപ്പായിട്ടില്ല. ഹരിതകർമ്മസേന, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2021-22 സാമ്പത്തിക വർഷം നൻമണ്ട ഗ്രാമപഞ്ചായത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ട അജൈവമാലിന്യം സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പൊതുസ്ഥലങ്ങളിൽ നിന്ന് ശേഖരിച്ചത് | 264 ചാക്ക് |
| വീടുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ചത് | 12,859 ചാക്ക് |
| ആകെ | 13,123 ചാക്ക് |

മേൽ പട്ടികയിൽ സൂചിപ്പിച്ചതിൽ വീടുകളിൽ നിന്നുള്ള മാലിന്യം ഹരിതകർമ്മസേന വാതിൽപ്പടി ശേഖരണത്തിലൂടെ സമാഹരിച്ചതല്ല. മറിച്ച് വീട്ടുകാർ തന്നെ അതത് വാർഡിലെ ഒരു പ്രത്യേക സ്ഥലത്ത് എത്തിച്ച് അവിടെ നിന്ന് മാലിന്യ സംസ്കരണ ഏജൻസി നീക്കം ചെയ്തിട്ടുള്ളവയാണ്. ഇത്തരത്തിൽ വീട്ടുകാർ തരം തിരിക്കാതെ നേരിട്ട് എത്തിക്കുന്ന മാലിന്യത്തിന് ചാക്കൊന്നിന് 80/- രൂപയാണ് ഹരിതകർമ്മസേന യൂസർ ഫീയായി ഈടാക്കിയിട്ടുള്ളത്. നിലവിൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ മാത്രമാണ് ഹരിതകർമ്മ സേന നേരിട്ട് ശേഖരിച്ച് മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)സെന്ററിൽ എത്തിക്കുന്നത്. വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യത്തിന് ചാക്കൊന്നിന് 100/- രൂപയാണ് യൂസർ ഫീ ഈടാക്കുന്നത്. വീടുകളിൽനിന്നുള്ള വാതിൽപ്പടി മാലിന്യശേഖരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തും ഹരിതകർമ്മ സേനയും സ്വീകരിക്കേണ്ടതാണ്.

മാനിന്യ സംഭരണം

ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു എം.സി.എഫ് മാത്രമാണ് ഉള്ളത്. 'ടേക്ക് എ ബ്രേക്ക്' കെട്ടിടത്തിന് പിറകിലായി സ്ഥിതി ചെയ്യുന്ന പ്രസ്തു എം.സി.എഫിലേക്ക് വ്യാപാര സ്ഥാപനങ്ങളുടെ ഇടയിലൂടെയുള്ള ഒരു ചെറിയ വഴി മാത്രമാണ് ഉള്ളത്. സ്ഥലപരിമിതിയുള്ള ഈ ചെറിയ കെട്ടിടത്തിൽ കൂടുതൽ മാലിന്യങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിനോ അവ തരം തിരിക്കുന്നതിനോ ഉള്ള സൗകര്യങ്ങൾ ഇല്ല. കൂടാതെ ഹരിതകർമ്മ സേനാംഗങ്ങൾക്കായി ശുചിമുറിയോ മറ്റു സൗകര്യങ്ങളോ ഇവിടെ ഇല്ല. സ.ഉ(സാധാ)നം. 1496/2020/ത.സ്വ.ഭ.വ തീയതി 12.08.2020 നമ്പർ ഉത്തരവിൽ പരാമർശിച്ച

പ്രകാരമുള്ള സൗകര്യങ്ങളോട് കൂടിയ എം.സി.എഫുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യം കൈയ്യൊഴിയൽ

കോഴിക്കോട് വേങ്ങേരിയിലുള്ള 'നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്' എന്ന സ്ഥാപനമാണ് അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഒരു ചാക്ക് (40"X24") പാഴ്‌വസ്തു നീക്കം ചെയ്യുന്നതിന് 60/- രൂപയാണ് അവർ ഈടാക്കുന്ന ചാർജ്ജ്. മാലിന്യങ്ങളുടെ ആകെ തൂക്കത്തിന് പകരം ചാക്കിന്റെ എണ്ണത്തെ അടിസ്ഥാനമാക്കി തുക നിശ്ചയിക്കുന്നത് സാമ്പത്തിക നഷ്ടം വരുത്തുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ബോട്ടിൽ ബൂത്ത്

2021-22 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ (പ്രൊജക്ട് നമ്പർ 155/2021-22) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 1,97,961 /- രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലായി 27ബോട്ടിൽ കലക്ഷൻ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ള കുപ്പികളും മറ്റ് പ്ലാസ്റ്റിക് ബോട്ടിലുകളും ഉപയോഗശേഷം പാതയോരങ്ങളിൽ വലിച്ചെറിയുന്നതിന് പകരം ഈ ബൂത്തുകളിൽ നിക്ഷേപിക്കുക വഴി തെരുവുകളുടെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തുകയും മാലിന്യനിർമ്മാർജനം സുഗമമാക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപം 'ടേക്ക് എ ബ്രേക്ക്' കെട്ടിടത്തിന് മുൻപിലായി സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ കലക്ഷൻ ബൂത്ത് ഓഡിറ്റ് വേളയിൽ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത ബൂത്തിന്റെ വാതിൽ താഴില്ലാതെ തുറന്ന് കിടക്കുന്ന അവസ്ഥയിലാണ് ഉള്ളത്. ഇതു മൂലം നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ പുറത്തേക്ക് വീഴുന്നതിനും പരിസരം മലിനമാക്കപ്പെടുന്നതിനുമുള്ള സാദ്ധ്യത ഉണ്ട്. എല്ലാ ബോട്ടിൽ ബൂത്തുകളും താഴിട്ട് പൂട്ടുന്നതിനും അവയിൽ നിന്ന് ബോട്ടിലുകളും മറ്റ് മാലിന്യങ്ങളും കൃത്യമായ ഇടവേളകളിൽ എം.സി.എഫിലേക്ക് മാറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2021-22 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2021-22 | 210000 | നെൽകൃഷി വികസനം | 210000 | 0 |
| | | 240000 | മുട്ടഗ്രാമം സുഭിക്ഷ കേരളം | 240000 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അനുബന്ധ ആനുകൂല്യങ്ങളും നല്കൽ | 300000 | 0 |
| | | 2164000 | ലൈഫ് ഭവന പദ്ധതി പദ്ധതി -എസ് ടി | 2164000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | | ക്ഷീരഗ്രാമം പദ്ധതി-വനിത | | 0 |
| ആകെ | | 3014000 | | 3014000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 175000 | നെൽകൃഷി വികസനം | 175000 | 0 |
| | | 34000 | സമഗ്ര പച്ചക്കറികൃഷി വികസനം | 34000 | 0 |
| | | 350000 | അനുപൂരക പോഷകാഹാര വിതരണ പരിപാടി | 350000 | 0 |
| | | 375000 | ശാരീരിക മാനസിക വെല്ലുവിളി | 375000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും അനുബന്ധ ആനുകൂല്യങ്ങളും നല്കൽ | | |
| | | | ലൈഫ് ഭവന പദ്ധതി പദ്ധതി -എസ് സി | | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | |
| ആകെ | | 1134000 | | 1134000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നംമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എഴുകുളം ലക്ഷംവീട് കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റെൻഷൻ | ലഭ്യമല്ല | 686718 | 0 | 686718 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | ലഭ്യമല്ല | 171501 | 0 | 171501 |
| ഇറിഗേഷൻ | എരഞ്ഞിലോട്ട് താഴം ചീക്കിലോട് കനാൽ റോഡ് നിർമ്മാണം | ലഭ്യമല്ല | 580000 | 0 | 580000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | | ബാക്കി യുണ്ടായി രുന്ന തുക | | | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) | സ.ഉ. (എം.എസ്) 68/ത.സ്വ.ഭ.വ 18/05/2018 | 2021-22 | 0 | 14569167 | 1510667 | 0 | 13058500 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 941264 |
| തൻവർഷം നിക്ഷേപിച്ച തുക | 63535 |
| ആകെ | 1004799 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1004799 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ബാങ്കിന്റെ പേര് | സ്ഥിരനിക്ഷേപ നമ്പർ /തിയ്യതി | നിക്ഷേപത്തിന്റെ കാലാവധി | തുക |
|---|---|---|---|
| കെ.ഡി.സി ബാങ്ക് ബാലുശ്ശേരി | 100121806120039 തീയതി 29/09/2021 | ഒരു വർഷം | 1004799 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2018-19 | 1-9 | 200 | ശ്രീമതി.സീമ ബി.ജെ കൃഷി ഓഫീസർ | 121030100613 തീ.06/07/2021 |
| 2019-20 | 1-11 | 84 | ശ്രീമതി.ബിന്ദു, പ്രിൻസിപ്പാൾ | 1210103549 തീ.12/01/2022 |
| 2019-20 | 1-11 | 169 | ശ്രീ.പ്രദീപ് കുമാർ, വി.ഇ.ഒ | 1210103550 തീ.12/01/2022 |
| 2019-20 | 1-19 | 50000 | ശ്രീ.കെ.രാജീവൻ, അസിസ്റ്റന്റ് സെക്രട്ടറി | 1210103329 തീ.05/01/2022 |

| | | | | |
|---|---|---|---|---|
| 2019-20 | 1-14 | 4353 | ശ്രീമതി.മഞ്ജുള, വി.ഇ.ഒ | Chalan No. KL019839190202122M തീ.27/12/2021 |
| 2019-20 | 1-32 | 94225 | ശ്രീ.കെ.രാജീവൻ, അസിസ്റ്റന്റ് സെക്രട്ടറി | 121030100613 തീ.04/01/2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 30 | 2003-04 | 11.13.7.20 (പൊതുപരാമർശം) | നികുതി പിരിവിൽ അലംഭാവം |
| 2002-03 | 2-2 | 2006-07 | 3.79.2.3 (പൊതുപരാമർശം) | കെട്ടിട മുറി വാടക കുടിശ്ശിക |
| 2002-03 | 3-2 | 2006-07 | 3.79.13.4 (പൊതുപരാമർശം) | ഫർണിച്ചർ സിംഗിൾ ക്വട്ടേഷനിൽ വാങ്ങി |
| 2002-03 | 3-5 | 2006-07 | 3.79.16.6 (പൊതുപരാമർശം) | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 2002-03 | 3-7 | 2006-07 | 3.79.17.3 (പൊതുപരാമർശം) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി കോളനി റോഡ് പ്രവൃത്തി |
| 2015-16 | 4-26 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം |
| 2015-16 | 3.7.13 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു |
| 2015-16 | 4.2.2 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് |

## 4-9 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88089735 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87552411 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗികരിക്കാത്ത തുക | 18000 |
| തടസ്സപ്പെട്ടുത്തിയ തുക | 1352917 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 51100 | ശ്രീ. ശ്രീജ.എസ്<br>വെറ്ററിനറി സർജൻ |
| 1-18 | 38431 | ശ്രീമതി. സരിത<br>മെഡിക്കൽ ഓഫീസർ<br>കുടുംബാരോഗ്യ കേന്ദ്രം |
| 1-19 | 745466 | ശ്രീമതി. സ്മിത.എൻ അസി.എഞ്ചിനീയർ |
| 1-20 | 517920 | ശ്രീ. നസീർ |

| | | | |
|---|---|---|---|
| | | | കൃഷി ഓഫീസർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സ്മിത.എൻ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നന്മണ്ട ഗ്രാമപഞ്ചായത്ത് | നീലാംകുഴി താഴം പാവങ്ങാട്, പുതിയങ്ങാടി കോഴിക്കോട്,673021 |
| ശ്രീ. ശ്രീജ.എസ് വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മൃഗാശുപത്രി, ചീക്കിലോട്. | ചെങ്ങോട്ടിൽ ഹൌസ്, കിഴക്കുമുറി, കക്കോടി (പി.ഓ), കോഴിക്കോട്. |
| ശ്രീമതി. സരിത മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യ കേന്ദ്രം, കുളത്തൂർ. | വരേണ്യം ഹൌസ്, തടമ്പാട്ട് താഴം, ഡേ മാർട്ട് സൂപ്പർ മാർക്കറ്റിനു സമീപം, കാരപ്പറമ്പ് (പി.ഓ), കോഴിക്കോട്. |
| ശ്രീ. നസീർ കൃഷി ഓഫീസർ | കൃഷി ഓഫീസർ, നന്മണ്ട | ടി.കെ നിവാസ്, പുന്നശ്ശേരി (പി.ഓ), നരിക്കുനി. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി (പി12)848/19/30.11.2019 | 3 | 30 എ, 27,29 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി (പി2)1519/09(13)05.04.2011 | 1 | 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി (പി12)848(1)/19/30.11.2019 | 10 | 2-2, 2-3, 3-2. 3-7,3-8,3-16,3-19(3,4), 4-7 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി (പി12)848(2)/19/30.11.2019 | 7 | 2-2,2-3, 3-3, 3-4, 3-6, 3-7 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി (പി12)848(3)/19/30.11.2019 | 4 | 2-3,3-2,3-3,3-8 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി (പി12)1534/19/30.11.2019 | 5 | 2-4, 3-5, 3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി (പി12)1535/19/30.11.2019 | 4 | 3-3, 3-4, 3-9,4-7 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി (പി12)1536/19/02.12.2019 | 6 | 3-7, 3-8, 3-16,3-19(1,4), 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി (പി12)1537/19/30.11.2019 | 6 | 3-2, 3-13, 3-14,3-15, 3-22, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി (പി12)1537/19/30.11.2019 | 15 | 1-2, 2-1, 3-2, 3-6,3-7, 3-8, 3-9, 3-12, 3-13, 3-14, 3-15,3-16, 3-17, 3-18, 3-20 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി (പി12)2123/17/05.04.2018 | 12 | 1-3, 1-4(1,2,3),2-2, 3-1, 3-4, 3-5, 3-7, 3-8, 3-12, 3-13,3-14,(2), 3-17 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി (പി12)2121/17/05.04.2018 | 12 | 1-5, 2-2, 3-1(1,2,3,4),3-2(5), 3-4, 3-6, 3-7, 3-8, 3-9, 3-12, 3-15, 4-7 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി. (പി 12)/2122/17/16.04.2018 | 18 | 1-10, 3-2, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-19, 3-22, 3-23, 4-1, 4-5, 4-9, 4-10 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. (പി 12)/219/17/28.03.2018 | 13 | 2-1, 2-2, 2-3, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 3-13, 3-18, 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി (പി12)/1017/17/ 08.12.2017 | 10 | 2-1, 2-2, 2-3, 3-5, 3-6, 3-7, 3-18, 3-8, 3-9, 4-9 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി (പി12)/2125/17/22.03.2018 | 23 | 2-1, 2-3, 2-4, 2-7, 2-8,2-9, 3-1, 3-2, 3-3, |

| | | | |
|---|---|---|---|
| | | | 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. (പി12)/276/18/09.05.2019 | 22 | 2-3എ, 2-4, 2-5(2), 2-6, 3-3, 3-4, 3-4(2), 3-4(3), 3-4(4), 3-4(5), 3-4(6), 3-4(7), 3-4(9), 3-5,3-6, 3-7, 3-8, 3-9,3-10, 3-11(1), 3-11(2), 3-11(3),3-11(4), 3-12, 3-13,4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. (പി3)/1004/21/01.04.2022 | 17 | 1-2, 1-5, 1-6, 1-7, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-21(1),1-21(4)(1),1-23, 1-25,1-26, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. (പി 5)/1549/21/ 23.11.2021 | 43 | 1-1 മുതൽ 1-37 വരെ, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി 3/824/22/ 13.05.2022 | 26 | 1-1 മുതൽ 1-25 വരെ, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്